# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
## ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :2019 ഒക്ടോബർ 26 ശനി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## മിന്നൽ തുലാവർഷം: കൃഷി നശിച്ച കോൾ കർഷകർക്ക് നെൽവിത്ത് നൽകണം - ജില്ലാ വികസന സമിതി

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കനത്ത മഴയിൽ കോൾ മേഖലയിലെ ഇരിപ്പൂ കൃഷി വെള്ളം കയറി നശിച്ചതിനാൽ തുടർ കൃഷിക്ക് എത്രയും പെട്ടെന്ന് വിത്ത് ലഭ്യമാക്കണമെന്ന് ജില്ലാ വികസന സമിതിയിൽ പ്രമേയം. നിരവധി പാടശേഖരങ്ങൾ വെള്ളം കയറി നശിച്ചതിനാൽ നടീലിനു തയ്യാറാക്കിയ ഞാറ്റടികൾ വെള്ളത്തിൽ മുങ്ങിയ അവസ്ഥയിലാണെന്നും വിത കഴിഞ്ഞ പാടശേഖരങ്ങൾ വെള്ളത്തിൽ നശിച്ചെന്നും ഇതിനാൽ വിത്തുക്ഷാമം പരിഹരിച്ച് കർഷകർക്ക് അടിയന്തിരമായി വിത്തുകൾ വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് മുരളി പെരുനെല്ലി എം എൽ എയാണ് പ്രമേയം അവതരിപ്പിച്ചത്.

കോൾ മേഖലയിലെ കൃഷിയെ ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മുനയം, ഏനാമാക്കൽ, ഇടിയഞ്ചിറ ബണ്ടുകളെ ബലപ്പെടുത്തുന്ന നടപടികൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥരോട് ജില്ലാ കളക്ടർ എസ് ഷാനവാസ് നിർദേശിച്ചു. ഇടിയഞ്ചിറ ബണ്ടിന്റെ പുനർനിർമാണവുമായി ബന്ധപ്പെട്ട് മണ്ണ് എത്തിക്കുവാനും എത്രയും പെട്ടെന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാനും യോഗത്തിൽ തീരുമാനമായി.

ജില്ലയിലെ തീരദേശ മേഖലകളിൽ കടലാക്രമണം ചെറുക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബാക്കി ശേഷിപ്പായ 3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കും. കനോലി കനാലിലെ ചെളി നീക്കുന്ന നടപടികൾ വേഗത്തിൽ പൂർത്തിയാക്കും. തൃശൂർ കോർപ്പറേഷൻ പരിധിയിലുള്ള കൂർക്കഞ്ചേരി തങ്കമണി കയറ്റത്തിൽ താമസിക്കുന്നവരിൽ ഇനിയും പട്ടയം ലഭിക്കാത്തവർക്ക് ഡിസംബറിൽ പട്ടയവിതരണം നടത്താനും തീരുമാനമായി.

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി പെരിഞ്ഞനം വില്ലേജിലും ശ്രീനാരായണപുരം പഞ്ചായത്തിലുമായി നിർമിച്ചു നൽകിയ വീടുകളിൽ വാടകക്കാർ താമസിക്കുന്നത് കണ്ടെത്തിയതിനാൽ അടിയന്തിരമായി സ്ഥലപരിശോധന നടത്തി അനധികൃത താമസക്കാരെ ഒഴിപ്പിക്കും. കഴിഞ്ഞ പ്രളയത്തിൽ അന്നമനട പഞ്ചായത്തിലെ കുടുംബി കോളനിയിലുണ്ടായ കെടുതികൾ വിലയിരുത്തി കോളനിയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭിത്തി കെട്ടി പുഴയെയും കോളനിയെയും സംരക്ഷിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ തൃശൂർ അഡീഷണൽ എൻജിനീയർക്ക് നിർദേശം നൽകി. തൃശൂർ - കുറ്റിപ്പുറം റോഡിലെ ചൂണ്ടൽ പാലത്തിന്റെ നിർമാണ പ്രവർത്തനങ്ങളിൽ ഡെക്ക് സ്ളാബ് കോൺക്രീറ്റിങ് കഴിഞ്ഞ് പാലം പണി 50 ശതമാനം പൂർത്തിയായതായി ഉദ്യോഗസ്ഥർ യോഗത്തെ അറിയിച്ചു.

എംഎൽഎമാരുടെ പ്രത്യേക വികസന ഫണ്ട് ചെലവഴിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനും പദ്ധതികളുടെ ടെണ്ടർ നടപടികൾ വേഗത്തിലക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 34 പൊതുകുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് പട്ടിക തയ്യാറാക്കിയതായും എംഎൽഎ മാരുടെ നേതൃത്വത്തിൽ തി

രഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ യോഗം ചേർന്ന പദ്ധതികൾ ആസൂത്രണം ചെയ്യാനും യോഗം നിർദേശിച്ചു.

ജില്ലാ കളക്ടർ എസ് ഷാനവാസ് അധ്യക്ഷത വഹിച്ചു. ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ, രമ്യ ഹരിദാസ് എം പി, എംഎൽഎമാരായ ബി ഡി ദേവസ്സി, മുരളി പെരുനെല്ലി, ഇ ടി ടൈസൺ, അനിൽ അക്കര, തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രതിനിധി ടി കെ വാസു, കൃഷി വകുപ്പ്മന്ത്രിയുടെ പ്രതിനിധി എം ജി നാരായണൻ, പ്ലാനിങ് ഓഫീസർ ടി ആർ മായ എന്നിവർ പങ്കെടുത്തു.

# അഴീക്കോട് മത്സ്യബന്ധന ബോട്ട് മുങ്ങി ഒരാൾ മരിച്ചു: നാല് പേരെ രക്ഷപ്പെടുത്തി.

അഴീക്കോട് മത്സ്യബന്ധന ബോട്ട് മുങ്ങി ഒരാൾ മരിച്ചു. നാല് പേരെ രക്ഷപ്പെടുത്തി. അഴീക്കോട് നിന്നും ഇന്നലെ രാവിലെ(ഒക്ടോബർ 26) മത്സ്യബന്ധനത്തിന് പോയ സീ കിംഗ് എന്ന ബോട്ടാണ് അപകടത്തിൽ പെട്ടത്. സ്രാങ്ക് അമ്പലപ്പുഴ സ്വദേശി പൂന്തുറശ്ശേരി ജോസി(58)യാണ് മരിച്ചത്. വെള്ളിയാഴ്ച രാത്രി കനത്ത മഴയെ തുടർന്ന് കടൽ പ്രക്ഷുബ്ധമാവുകയും കാറ്റും കോളും അടിയൊഴുക്കും തുടർന്ന് കനത്ത തിരയിൽ ബോട്ട് മറിഞ്ഞാണ് അപകടം. മറ്റ് മത്സ്യബന്ധന ബോട്ടുകൾ നാല് പേരെ രക്ഷപ്പെടുത്തി. എന്നാൽ ജോസിയെ കണ്ടെത്താനായില്ല. പിന്നീട് മുനമ്പത്ത് നിന്നും മത്സ്യബന്ധനത്തിന് പോയ തൊഴിലാളികളാണ് കുറച്ചകലെ നിന്നും ജോസിയുടെ മൃതദേഹം കണ്ടെത്തിയത്. ആലപ്പുഴ സ്വദേശികളായ പുത്തൻ പറമ്പിൽ സാലാസ്, വാടക്കൽ വട്ടത്തിൽ അലോഷ്യസ്, അഴീക്കോട് സ്വദേശികളായ പടിഞ്ഞാറേ വീട്ടിൽ മുഹമ്മദ്, കണക്കപ്പറമ്പിൽ പ്രസാദ് എന്നിവരാണ് രക്ഷപ്പെട്ടത്.

# കൊടുങ്ങല്ലൂർ ഗവ. താലൂക്ക് ആശുപത്രിക്ക് കായകൽപം പുരസ്കാരം

കൊടുങ്ങല്ലൂർ ഗവ. താലൂക്ക് ആശുപത്രിക്ക് സംസ്ഥാന ഗവണ്മെന്റിന്റെ കായകൽപം പുരസ്കാരം. ഈ അംഗീകാരം നേടുന്ന സംസ്ഥാനത്തെ മൂന്നാമത്തെയും ജില്ലയിലെ ഒന്നാമത്തെയും താലൂക്ക് ആശുപത്രിയാണിത്. തുടർച്ചയായ രണ്ടാം തവണയാണ് ഈ പുരസ് കാരത്തിന് അർഹത നേടുന്നത്. കഴിഞ്ഞ വർഷത്തെ കായകൽപ്പ പുരസ്കാരവും താലൂക്കാശുപത്രിക്ക് ലഭിച്ചിരുന്നു. മൂന്ന് ലക്ഷം രൂപയാണ് അവാർഡ് തുക. കൂടാതെ സംസ്ഥാന സർക്കാരിന്റെ ആർദ്രം-കേരള പുരസ്കാരം ലഭിക്കുന്ന സംസ്ഥാനത്ത നാലാമത്തെ ആശുപത്രി എന്ന അംഗീകാരത്തിന് കൂടി താലൂക്ക് ആശുപത്രി അർഹത നേടി. പരിസര ശുചിത്വം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ജനസൗഹൃദ പ്രവർത്തനങ്ങൾ, പ്ലാൻ ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം, തുടങ്ങി വിവിധ ഘടകങ്ങൾ കണക്കിലെടുത്താണ് കായകൽപം അവാർഡ് നിശ്ചയിക്കുന്നത്. ദിനംപ്രതി 1800 രോഗികളാണ് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ആസ്പത്രിയിൽ എത്തുന്നത്. ഐ.പി.വിഭാഗത്തിൽ 176 കിടക്കകളാണ് എന്നാൽ ഇരുന്നൂറിലേറെ രോഗികളാണ് ചികിത്സയിലുള്ളത്. സ്പെഷലൈസ്ഡ് ഡോക്ടർമാരുൾപ്പെടെ 27 ഡോക്ടർമാരുള്ളതിൽ ഒരു സർജന്റെ തസ്തിക മാത്രമാണ് ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നത്. 12 കോടി 30 ലക്ഷം രൂപ ചെലവിൽ പണിയുന്ന കെട്ടിടവും 10 കോടി ചിലവിട്ട് നിർമ്മിക്കുന്ന മാതൃ-ശിശു ചികിത്സ കെട്ടിടവും നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഒരു ദിവസം 18 പേർക്ക് സൗജന്യമായി ഡയാലിസിസ് നൽകുന്നു. 17 ലക്ഷം രൂപയാണ് ഇതിനായി നഗരസഭ വകയിരുത്തിയിരിക്കുന്നത്. കാൻസർ ചികിത്സയ്ക്കുള്ള കീമോതെറാപ്പി, മാമോഗ്രാം, ആധുനിക സംവിധാനങ്ങളുള്ള ഫിസിയോ തെറാപ്പി യൂണിറ്റ്, എല്ലാ സജ്ജീകരണങ്ങളോടുകൂടിയ ദന്ത രോഗ ചികിത്സാ വിഭാഗം, കാൽമുട്ട് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ല് ചികിത്സാ വിഭാഗം, നേത്രചികിത്സ, പ്രസവം, ഇഎൻടി., ജനറൽ ചികിത്സ ജീവിത ശൈലിരോഗ ചികിത്സ തുടങ്ങി വിവിധ സ്പെഷലൈസ്ഡ് വിഭാഗങ്ങളുടെ വിദഗ്ദ്ധ ചികിത്സകളും ഇവിടെ ലഭ്യമാണ്. നവംബർ 11 ന് തിരുവനന്തപുരത്ത് നടക്കുന്ന പുരസ്ക്കാര വിതരണ ചടങ്ങിൽ നഗരസഭ ചെയർമാൻ കെ.ആർ.ജൈത്രനും ആശുപത്രി സൂപ്രണ്ട് ഡോ. ടി.വി.റോഷും ചേർന്ന് അവാർഡ് ഏറ്റുവാങ്ങും.

## യോഗ പരിശീലക ഒഴിവ്

മുളങ്കുന്നത്തുകാവ് ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ വനിത യോഗ പരിശീലകയെ താൽക്കാലികമായി നിയമിക്കുന്നു. ബിഎൻവൈഎസ് ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ഒക്ടോബർ 31 ഉച്ചയ്ക്ക് രണ്ടിന് ഡിസ്പെൻസറിയിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2202283.

## നവോദയ പ്രവേശനം:
## അപേക്ഷ ക്ഷണിച്ചു

മായന്നൂർ ജവഹർ നവോദയ വിദ്യാലയത്തിൽ ഈ അദ്ധ്യയന വർഷം ഒൻപതാം ക്ലാസ്സിലേക്ക് ഒഴിവുള്ള സീറ്റിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. www.nvsadmissionclassnine.in എന്ന വെബ് സൈറ്റ് വഴി ഡിസംബർ 10 നകം അപേക്ഷ നൽകണം. ഫോൺ: 04884 -286260, 9446951361.

## ഒന്നരക്കോടി രൂപ ചെലവിൽ
## പുത്തൂർ-പൊന്നൂക്കര റോഡ്

ഒന്നരക്കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച പുത്തൂർ-പൊന്നൂക്കര റോഡ് ചീഫ് വിപ്പ് അഡ്വ. കെ രാജൻ ഉദ്ഘാടനം ചെയ്തു. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി ഉണ്ണികൃഷ്ണ്‍ അദ്ധ്യക്ഷത വഹിച്ചു. രണ്ട് കിലോമീറ്റർ നീളമുള്ള റോഡ് മക്കാഡം ടാറിങ്ങ് ആണ് ഉപയോഗിച്ചാണ് നിർമ്മിച്ചത്. ടാർ ബൗണ്ട് മക്കാഡം ഉപരിതലത്തിൽ ടാർ സ്പ്രേ ചെയ്താണ് ഈ റോഡ് നിർമ്മിച്ചിരിക്കുന്നത്. സാന്ദ്രത വളരെ കൂടിയ ബിഎംബിസി അഥവാ ബിറ്റുമിനസ് മക്കാഡവും ബിറ്റുമിനസ് കോൺക്രീറ്റും ഉപയോഗിച്ചാണ് റോഡ് പണി പൂർത്തീകരിച്ചത്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഐ എസ് ഉമാദേവി, പുത്തൂർ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി ജി ഷാജു, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പി വി ഷാജി, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഐക്യരാഷ്ട്രവാരാഘോഷം

ജില്ലാ നെഹ്റു യുവകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അയ്യന്തോൾ കോസ്റ്റ്ഫോർഡ് ഹാളിൽ ഐക്യരാഷ്ട്രവാരാഘോഷവും ജില്ലാതല ദുരന്തനിവാരണ ശിൽപശാലയും ടി എൻ പ്രതാപൻ എംപി ഉദ്ഘാടനം ചെയ്തു. കോർപ്പറേഷൻ കൗൺസിലർ എ പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. ദുരന്തനിവാരണ പ്രോജക്ട് ഓഫീസർ പി പി നൗഷാദ ക്ലാസ്സ് നയിച്ചു. യുവകേന്ദ്ര ജില്ലാ കോർഡിനേറ്റർ ജെയിൻ ജോർജ്ജ്, ഡോ. മിമി മാണി പനക്കൽ, പ്രൊഫ. സനന്ദു സദാനന്ദകുമാർ, ഒ നന്ദകുമാർ തുടങ്ങിയവർ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ട നൂറ് യൂത്ത് ക്ലബുകൾക്ക് കായികോപകരണങ്ങളുടെ വിതരണം ടി എൻ പ്രതാപൻ എംപി നിർവഹിച്ചു.

## മാള ഉപജില്ല സ്കൂൾ കലോത്സവം:
## സ്റ്റേജ് ഇതര മത്സരങ്ങൾക്ക് തുടക്കം

മാള ഉപജില്ല സ്കൂൾ കലോത്സവം സ്റ്റേജ് ഇതര മത്സരങ്ങൾ നടന്നു. പെയിന്റിങ്, ബാൻഡ്, രചനാ മത്സരങ്ങൾ എന്നീ ഇനങ്ങളിലാണ് ആദ്യ ദിനത്തിൽ മത്സരങ്ങൾ നടന്നത്. ഒക്ടോബർ 28 രാവിലെ ഒൻപതിന് സൊക്കർസോ കോൺവെന്റ് സ്കൂളിൽ എഇഒ മോജോ പോൾ കെ പതാക ഉയർത്തും. തുടർന്ന് സാംസ്ക്കാരിക ഘോഷയാത്ര നടക്കും. വി ആർ സുനിൽ കുമാർ എംഎൽഎ കലോത്സവം ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ കേശവൻ കുട്ടി ചടങ്ങിൽ അധ്യക്ഷത വഹിക്കും. പ്രൊഫ. കെ യു അരുണൻ മാസ്റ്റർ എംഎൽഎ മുഖ്യാഥിതിയാകും. കലാ മത്സരങ്ങൾ സിനി ആർട്ടിസ്റ്റ് ആദിത് ഉദ്ഘാടനം ചെയ്യും. നാല് ദിവസങ്ങളിലായി ഒൻപത് വേദികളിൽ കലാ മത്സരങ്ങൾ നടക്കും. മുപ്പതിന് നടക്കുന്ന സമാപന സമ്മേളനം എം പി ബെന്നി ബെഹനാൻ ഉദ്ഘാടനം ചെയ്യും. ബി ഡി ദേവസ്സി എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും. വിജയികൾക്കുള്ള ഓവറോൾ ട്രോഫി എഇഒ മോജോ പോൾ കെ സമ്മാനിക്കും. ജോയിന്റ്ജനറൽ കൺവീനർ സിസ്റ്റർ ഫ്ളവറെന്റ് സ്വാഗതവും ട്രഷറർ സജി

സി പോൾസൺ നന്ദിയും പറയും. ഉപജില്ലയിലെ തൊണ്ണൂറ്റിയൊന്ന് സ്കൂളുകളിൽ നിന്നുള്ള പ്രതിഭകൾ കലോത്സവത്തിൽ മാറ്റുരക്കും.

## നട തള്ളപ്പെടുന്ന സ്ത്രീകൾക്ക് അഭയമായി ഇനി എമർജൻസി കെയർ സെൻറർ

വൈധവ്യവും വാർധക്യവും മാനസിക ദൗർബല്യവും ഉൾപ്പെടെയുള്ള ജീവിതത്തിന്റെ വിഷമ സന്ധികളിൽ വീട്ടുകാരാൽ ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകൾക്ക് അഭയം ഒരുക്കാൻ പുതിയ പദ്ധതിയുമായി ജില്ലാ ഭരണകൂടം. പ്രമുഖ സന്നദ്ധ സംഘടനയായ ബൻയൻ, ഗുരുവായൂർ ദേവസ്വം ബോർഡ് എന്നിവരുമായി സഹകരിച്ച് ഗുരുവായൂരിൽ എമർജൻസി കെയർ ആന്റ് റിക്കവറി സെന്റർ സ്ഥാപിക്കുകയാണ് പദ്ധതി. പദ്ധതിയുടെ ധാരണാപത്രം ഉടൻ ഒപ്പിടും.

ഗുരുവായൂർ ഉൾപ്പെടെ പല ആരാധനാലയങ്ങളിലുമായി നട തള്ളപ്പെടുന്ന സ്ത്രീകളുടെ പുനരധിവാസമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിധവകൾ, വയോജനങ്ങൾ, മാനസിക ദൗർബല്യമുള്ളവർ എന്നിങ്ങനെ തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകൾക്ക് മതിയായ ചികിത്സയും തുടർപരിചരണവും ആവശ്യമുണ്ട്. ഉപേക്ഷിക്കപ്പെട്ട നിലയിൽ തെരുവിലേക്ക് പുറന്തള്ളപ്പെടുന്നവരും മനോദൗർബല്യം ഉള്ളവരുമായ സ്ത്രീകൾക്ക് അടിയന്തിര ചികിത്സയും തുടർന്നുള്ള വൈദ്യസഹായവും ഉറപ്പുവരുത്തിയശേഷം സാധാരണ നില കൈവരിക്കുന്നതോടെ അവരവരുടെ വീടുകളിലേക്ക് മടക്കി ഏൽപ്പിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ഇതിനായി എമർജൻസി കെയർ ആൻഡ് റിക്കവറി സെൻറർ ഗുരുവായൂരിൽ സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ആണ് തയ്യാറാക്കുന്നത്. സെന്ററിന് ആവശ്യമായ സ്ഥലസൗകര്യം ഗുരുവായൂർ ദേവസ്വം ബോർഡ് ഒരുക്കും. കുറൂരമ്മ ഭവനമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. കേന്ദ്രത്തിലെ ചികിത്സാസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതും പൊതു മേൽനോട്ടവും ആരോഗ്യവകുപ്പും സാമൂഹ്യസുരക്ഷാ വകുപ്പും ജില്ലാ ഭരണകൂടവും ചേർന്നു നിർവഹിക്കും.

പദ്ധതിയുടെ പ്രധാന നിർവഹണ ഏജൻസിയായ ബൻയൻ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന സർക്കാരിതര സന്നദ്ധസംഘടനയാണ്. മാനസിക ദൗർബല്യം ഉള്ള സ്ത്രീകളെ തെരുവിൽനിന്ന് കണ്ടെത്തി പുനരധിവസിപ്പിക്കുന്നതാണ് സംഘടനയുടെ പ്രധാന പ്രവർത്തനം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി എമർജൻസി കെയർ ആൻഡ് റിക്കവറി സെന്ററുകളും 'ഹോം എഗൈൻ' കേന്ദ്രങ്ങളും ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. ചികിത്സ പൂർത്തിയായതിനുശേഷം വീടുകളിലേക്കുള്ള മടക്കം സാധ്യമാകാത്തവർക്ക് പുനരധിവാസം ഒരുക്കുന്നതാണ് 'ഹോം എഗൈൻ' അഭയകേന്ദ്രങ്ങൾ. ധാരണാപത്രം ഒപ്പിട്ടശേഷം എമർജൻസി കെയർ ആൻഡ് റിക്കവറി സെൻറർ താമസിയാതെതന്നെ പ്രവർത്തനം തുടങ്ങുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു.

## ലേലം

കോടതി കുടിശ്ശിക ഈടാക്കുന്നതിന് വള്ളിവട്ടം വില്ലേജ് സർവെ നമ്പർ 497/3 ൽ 0.0223 ഹെക്ടറും സർവെ നമ്പർ 480/1 ൽ 0.0020 ഹെക്ടറും നവംബർ 28 രാവിലെ 11 ന് വള്ളിവട്ടം വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 0480-2825259.

## താലൂക്ക് വികസന സമിതി

മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗം നവംബർ രണ്ട് രാവിലെ 10.30 ന് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

## പുത്തൻചിറ -പുല്ലൂറ്റ് റോഡ് നിർമ്മാണോദ്ഘാടനം

ബി.എം.ബി.സി രീതിയിൽ നിർമ്മിക്കുന്ന പുത്തൻചിറ -പുല്ലൂറ്റ് റോഡിന്റെ നിർമ്മാണോദ്ഘാടനം അഡ്വ. വി.ആർ. സുനിൽകുമാർ എംഎൽഎ നിർവ്വഹിച്ചു. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ നായ്ക്കുളം മുതൽ കൊമ്പത്ത് കടവ് വരെ 2200 മീറ്റർ നീളത്തിലാണ് റോഡ് നിർമ്മിക്കുന്നത്. ഒരു കോടി 44 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്. യാത്രാക്ലേശം രൂക്ഷമായ ഈ ഭാഗത്ത് റോഡ് വേണമെന്ന നാട്ടുകാരുടെ ദീർഘനാളത്തെ

ആവശ്യത്തെ തുടർന്നാണ് ഫണ്ട് അനുവദിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് വി എ നദീർ അദ്ധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ജിതിൻ റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബീന സുധാകരൻ, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സുബീഷ്, ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി ഐ നിസാർ, വിവിധ വാർഡ് മെമ്പർമാർ എന്നിവർ പങ്കെടുത്തു.

# വിള ആരോഗ്യ പരിപാലനം
# ബ്ലോക്ക് തല പരിശീലന പരിപാടി സംഘടിപ്പിച്ചു

അന്തിക്കാട് ബ്ലോക്കിന് കീഴിലെ കർഷകർക്കായി വിള ആരോഗ്യ പരിപാലന പരിശീലന പരിപാടി നടത്തി. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് വിള ആരോഗ്യപരിപാലനം. ബ്ലോക്കിന് കീഴിലുള്ള അഞ്ചു പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുത്ത അൻപത് കർഷകർക്കാണ് പരിശീലനം നൽകിയത്. പച്ചക്കറികളിലെ സംയോജിത കീടരോഗ നിയന്ത്രണം എന്നവിഷയത്തെ ആസ്പദമാക്കി പഴയന്നൂർ കൃഷി ഓഫീസർ ജോസഫ് ജോൺ തേറാട്ടിൽ ക്ലാസെടുത്തു. കിസാൻ ക്രെഡിറ്റ് കാർഡ്, മൊറൊട്ടോറിയം വിഷയങ്ങളിൽ കർഷകർക്ക് സംശയനിവാരണവും കാർഷിക മേഖലയിൽ ബാങ്ക് ഓഫ് ഇന്ത്യ നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചും ബാങ്ക് ഓഫ് ഇന്ത്യ കൃഷി ഓഫീസർ വിശദീകരിച്ചു. അന്തികാട് പഞ്ചായത്തും കൃഷിഭവനും സംയുക്തമായി സെന്ററി ഹാളിൽ സംഘടിപ്പിച്ച പരിപാടി അന്തിക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം വി ശ്രീവത്സൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് അംഗം ശോഭന ടീച്ചർ അധ്യക്ഷയായി. ബ്ലോക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മേനുജ പ്രതാപൻ, ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ വി ആർ നരേന്ദ്രൻ, കൃഷി ഓഫീസർ എസ് മിനി, പഞ്ചായത്ത് അംഗം ഷാജു മാളിയേക്കൽ എന്നിവർ സംസാരിച്ചു.

# വെള്ളങ്ങല്ലൂരിൽ ആരോഗ്യ വിഭാഗം പരിശോധന നടത്തി

ജനങ്ങളുടെ ആരോഗ്യ സുരക്ഷ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെ വെള്ളങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഹെൽത്തി കേരളയുടെ ഭാഗമായി വെള്ളാങ്കല്ലൂർ, പടിയൂർ, പൂമംഗലം പ്രദേശങ്ങളിൽ ആരോഗ്യവിഭാഗം പരിശോധന നടത്തി. വൃത്തിഹീനമായ സാഹചര്യത്തിൽ അരിപ്പാലത്ത് പ്രവർത്തിച്ചിരുന്ന ഹോട്ടൽ താത്കാലികമായി അടപ്പിച്ചു. പടിയൂർ പഞ്ചായത്ത് പ്രദേശത്തെ ഹോട്ടലിൽ നിന്നും പഴകിയ പൊറോട്ട ചിക്കൻ കറി, ചിക്കൻ റോസ്റ്റ്, ഫ്രൈ, ബീഫ് കറി, ബീഫ് ഫ്രൈ, ഗ്രീൻപീസ് മസാല എന്നിവയും പൂമംഗലം പഞ്ചായത്ത് പ്രദേശത്തെ ബേക്കറിയിൽ നിന്നും കാലാവധി കഴിഞ്ഞ പാക്കറ്റ് ചപ്പാത്തി, ബ്രഡ് എന്നിവയും പിടിച്ചെടുത്ത് നശിപ്പിച്ചു.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കൽ, ടോയ്‌ലറ്റ് സൗകര്യം ഇല്ലാതിരിക്കൽ, കൊതുക് വളരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ, ശാസ്ത്രീയ മാലിന്യ സംസ് ക്കരണ സംവിധാനം ഇല്ലാതിരിക്കൽ, തൊഴിലാളികൾക്ക് മെഡിക്കൽ ഫിറ്റ്നസ്സ് ഇല്ലാതിരിക്കൽ, കുടിവെള്ള ഗുണ നിലവാര പരിശോധന നടത്താതിരിക്കൽ എന്നീ നിയമ ലംഘനങ്ങൾ കണ്ടെത്തി. ആകെ 14 സ്ഥാപനങ്ങൾ പരിശോധന നടത്തി. നാല് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. വെള്ളങ്കല്ലൂർ ബ്ലോക്ക് പ്രഥമികാരോഗ്യ കേന്ദ്രം ഹെൽത്ത് ഓഫീസർ വി.ജെ.ബെന്നിയുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ ഹെൽത്ത് ഇൻസ്പെക്ടർ എ.എ.അനിൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ എസ് ശരത്ത് കുമാർ, കെ എസ് ഷിഹാബുദ്ദീൻ, എം എം മദ്ദീന, ടി എം ഷീബ, പി ആർ ജിനോഷ്, അനു എന്നിവർ പങ്കെടുത്തു.

# 108 ആംബുലൻസ് സേവനം
# വലപ്പാടും

കേരളസർക്കാർ ആരോഗ്യ വകുപ്പിന്റെ കനിവ് പദ്ധതിയിലൂടെ വലപ്പാട് സാമൂഹികാരോഗ്യ കേന്ദ്രത്തിന് ആംബുലൻസ് ലഭിച്ചു. അത്യാഹിതങ്ങളിൽ 108 എന്ന നമ്പർ ഡയൽ ചെയ്താൽഇരുപത്തിനാലു മണിക്കൂറും ആംബുലൻസിന്റെ സൗജന്യ സേവനം ലഭ്യമാകും. ശീതീകരിച്ച ആംബുലൻസിൽ അത്യാധുനിക പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

സംസ്ഥാന മെഡിക്കൽ സർവീസ് കോർപറേഷന്റെ മേൽനോട്ടത്തിലുള്ള ആംബുലൻസിൽ പരിശീലനം ലഭിച്ച ഡ്രൈവറുടെയും നേഴ്സ് അസിസ്റ്റന്റിന്റെയും സേവനം ലഭിക്കും വലപ്പാട് സാമൂഹികാരോഗ്യ കേന്ദ്രത്തിനു ലഭ്യമായ ആംബുലൻസ് തീരദേശത്തു അപകടത്തിൽ പെടുന്ന ജനങ്ങൾക്ക് ഏറെ സഹായകരമാകും. ആംബുലൻസ്ന്റെ ഫ്ളാഗ് ഓഫ് എം എൽ എ ഗീത ഗോപി നിർവഹിച്ചു. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. സുഭാഷിണി മഹാദേവൻ അധ്യക്ഷയായി, വലപ്പാട് പഞ്ചായത്ത് പ്രസിഡന്റ് ഇ കെ തോമസ് മാസ്റ്റർ, ബ്ലോക്ക് അംഗം ലീന രാമനാഥൻ, പഞ്ചായത്ത് അംഗങ്ങളായ ഷിജിത്, പ്രമോദ്, കൃഷ്ണവേണി, ഡോ അഭിന മാനത്ത്, ആംബുലൻസ് സ്റ്റാഫ് നേഴ്സ് ബി വിനീത്, ഡ്രൈവർ ആദർശ് എന്നിവർ പങ്കെടുത്തു.